# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2527 20.06.2012-ൽ മറുപടിയ്ക്ക്

## കൊച്ചിൻ മറീനാ പദ്ധതി

**ചോദ്യം**

**ശ്രീ. സാജു പോൾ**

(എ) കൊച്ചിയിലെ ബോൾഗാട്ടിയിൽ കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കൊച്ചിൻ മറീനാ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

**ഉത്തരം**

**ശ്രീ.എ.പി.അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

(എ) കൊച്ചിയിൽ കെ.ടി.ഡി.സിയുടെ നിയന്ത്രണത്തിലുള്ള കൊച്ചി ഇന്റർനാഷണൽ മറീന കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇന്ത്യയിലെ നാവിക ടൂറിസത്തിന്റെ പ്രധാനകേന്ദ്രമായി കൊച്ചിയെ വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചി ഇന്റർനാഷണൽ മറീന ആരംഭിച്ചത്. മികച്ച സൗകര്യങ്ങളോടെയുള്ള കൊച്ചി ഇന്റർനാഷണൽ മറീന ബോൾഗാട്ടി ദ്വീപിന്റെ കിഴക്ക് ഭാഗത്ത് അന്തർദേശീയ കപ്പൽ ചാനലിനു സമീപമാണ് സ്ഥിതിചെയ്യുന്നത്. കൊച്ചി മറീനയിൽ അന്തർദേശീയ ലക്ഷുറി യാട്ടുകൾക്ക് പാർക്കു ചെയ്യുന്നതിനുള്ള സൗകര്യമാണുള്ളത്. ഒരേ സമയം 34-ഓളം യാട്ടുകൾക്ക് പാർക്കു ചെയ്യാവുന്നതാണ്. യാട്ടുകൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനൊപ്പം അതിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, ശുദ്ധജലം, വൈദ്യുതി എന്നിവ നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക എന്നീ സൗകര്യങ്ങളാണ് കൊച്ചിയിലെ മറീനയിലുള്ളത്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ വ്യാപനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) | പ്രസ്തുത പദ്ധതിയുടെ വ്യാപനത്തിനായി വിവിധ പദ്ധതികൾ ആലോചിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ